"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗരവികസന പദ്ധതി - പാറ്റൂർ - ചൂരക്കാട്ട് പാളയം റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 463/2010 നമ്പർ കേസ് - 09/11/2024- ലെ ലോക് അദാലത്തിൽ ഒത്തുതീർപ്പിലെത്തിയ തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.1144/2025/LSGD തീയതി, തിരുവനന്തപുരം, 09-05-2025**

---

പരാമർശം:-
1. തിരുവനന്തപുരം II അഡീഷണൽ സബ് കോടതിയുടെ എൽ.എ.ആർ. 463/10 നമ്പർ കേസിന്മേലുള്ള 13/03/2014 തീയതിയിലെ വിധിന്യായം.
2. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 23/12/2024-ലെ എ3/1457/2017/ടിഡ നമ്പർ കത്ത്.
3. സ.ഉ.(സാധാ)നം. 417/2025/ത.സ്വ.ഭ.വ, തീയതി, 10/02/2025.
4. സ.ഉ.(സാധാ) നം.3332/2025/ധന, തീയതി, 02/04/2025.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പാറ്റൂർ - ചൂരക്കാട്ടുപാളയം റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തുമായി ബന്ധപ്പെട്ട എൽ.എ.ആർ. 463/10 നമ്പർ കേസ്, 09/11/2024-ൽ ബഹു. തിരുവനന്തപുരം സബ് കോടതിയിൽ നടന്ന ലോക് അദാലത്തിൽ 31/05/2025-ന് മുമ്പ് തുക ബഹു. കോടതിയിൽ കെട്ടിവയ്ക്കണമെന്ന വ്യവസ്ഥയോടെ, 51,75,690/- രൂപ (അമ്പത്തൊന്ന് ലക്ഷത്തി എഴുപത്തയ്യായിരത്തി അറുന്നൂറ്റിതൊണ്ണൂറ് രൂപ മാത്രം)-യ്ക്ക് ഒത്തുതീർപ്പായിട്ടുള്ളതായും ആയതിനാൽ തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും പരാമർശം (2) പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി. ടി എൽ.എ.ആർ. കേസിലെ ഒന്നാം കക്ഷി മരണപ്പെട്ടുപോയിട്ടുള്ളതായും മൂന്നും നാലും കക്ഷികൾ ഒന്നാം കക്ഷിയുടെ നിയമാനുസൃത അവകാശികളാണെന്നും രണ്ടാം കക്ഷി കോടതിയിൽ ഹാജരായിട്ടില്ലെന്നും പരാമർശം (1) വിധിന്യായത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

2) മേൽ പരാമർശിച്ച എൽ.എ.ആർ. 463/2010 നമ്പർ കേസിലെ, 09/11/2024-ലെ ലോക് അദാലത്തിൽ, ഒത്തുതീർപ്പിലെത്തിയ തുകയായ 51,75,690/- രൂപ (അമ്പത്തൊന്ന് ലക്ഷത്തി എഴുപത്തയ്യായിരത്തി അറുന്നൂറ്റിതൊണ്ണൂറ് രൂപ മാത്രം) ടി കേസിലെ മൂന്നും നാലും കക്ഷികളായ ശ്രീ. സി. അരുണാചലം, ശ്രീ. സി. രാമചന്ദ്രൻ എന്നിവർക്ക് അനുവദിക്കുന്നതിന് പരാമർശം (3) പ്രകാരം ഭരണാനുമതി നൽകി ഉത്തരവാകുകയും പരാമർശം (4) പ്രകാരം 4217-60-800-93 Payment of Compensation in LAR Cases (Plan Charged) എന്ന ശീർഷകത്തിൽ 51,76,000/- രൂപ അധികധനാനുമതിയായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

3) മേൽ പ്രകാരമുള്ള ഭരണാനുമതി ഉത്തരവിന്റെയും അധിക ധനാനുമതിയുടെയും അടിസ്ഥാനത്തിൽ പാറ്റൂർ - ചൂരക്കാട്ടുപാളയം റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ തൈക്കാട് വില്ലേജിൽ സർവ്വേ നം. 2356/B-1 (റീ. സർവ്വേ നം. 2536/A1)-ൽപ്പെട്ട 0.24 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 463/2010 നമ്പർ കേസിലെ, 09/11/2024-ലെ ലോക് അദാലത്തിൽ 31/05/2025 നകം തുക കോടതിയിൽ കെട്ടിവയ്ക്കണമെന്ന വ്യവസ്ഥയോടെ, ഒത്തുതീർപ്പിലെത്തിയ 51,75,690/- രൂപ (അമ്പത്തൊന്ന് ലക്ഷത്തി എഴുപത്തയ്യായിരത്തി അറുന്നൂറ്റിതൊണ്ണൂറ് രൂപ മാത്രം) ടി കേസിലെ മൂന്നും നാലും കക്ഷികളായ ശ്രീ. സി. അരുണാചലം, ശ്രീ. സി. രാമചന്ദ്രൻ എന്നിവർക്ക് അനുവദിക്കുന്നതിന് തിരുവനന്തപുരം ജില്ലാ കളക്ടർക്ക് 4217-60-800-93 Payment of compensation in LAR Cases (Plan) എന്ന ശീർഷകത്തിൽ നിന്നും റിലീസ് ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

4) പരാമർശം (4) പ്രകാരം മേൽ ചെലവിന്റെ ക്രമീകരണത്തിലുള്ള ഉപധനാഭ്യർത്ഥന ശിപാർശ യഥാസമയം ലഭ്യമാക്കി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYAKUMARI P

**ജോയിന്റ് സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം.
ശ്രീ. സി. അരുണാചലം, റ്റി.സി.നം.21/1568, ഭഗവത്, നെടുംകാട്, കരമന, തിരുവനന്തപുരം (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
ശ്രീ. സി. രാമചന്ദ്രൻ, റ്റി.സി.നം.21/1568, ഭഗവത്, നെടുംകാട്, കരമന, തിരുവനന്തപുരം (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).(ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം.
സ്പെഷ്യൽ ഓഫീസർ, സി.ആർ.ഡി.പി., തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (WCD-3/65/2025/FIN. dated 24.04.2025).
ഐ. & പി.ആർ.ഡി. (വെബ് & ന്യൂ മീഡിയ).
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി (RE1/1/2025-LSGD)

ഉത്തരവിൻ പ്രകാരം
Signed by
Biju. B
Date: 09-05-2025 11:45:23
സെക്ഷൻ ഓഫീസർ